വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, കടലോര സംരക്ഷിത പ്രവർത്തനങ്ങൾക്കായി പ്ലാനിംഗ് കമ്മീഷൻ വിനോദ സഞ്ചാര മേഖലയ്ക്ക് 100 കോടി രൂപ ടെന്റേറ്റീവ് ആയി വകയിരുത്തിയിട്ടുള്ളതായി റവന്യൂ വകുപ്പ് ഡിസാസ്റ്റർ മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്. 2006-2009 വരെയുള്ള നാല് വർഷങ്ങളിലേക്ക് വിനിയോഗിക്കുന്നതിനാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ ആദ്യ ഗഡുവായി 2006-2007 വർഷത്തേക്ക് 10.5 കോടി രൂപ സംസ്ഥാന സർക്കാർ പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ഇതുമായി ബന്ധപ്പെട്ട തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് ഈ തുക ഉപയോഗിക്കുന്നതാണ്. ഇതുകൂടാതെ മെയിൻകുന്ന്, പയ്യാമ്പലം, മുഴപ്പിലങ്ങാടി, നാട്ടിക, തളിക്കുളം, വാടാനപ്പിള്ളി, ചെറായി, ശംഖുംമുഖം തുടങ്ങിയ ബീച്ചുകളെ ഉൾപ്പെടുത്തി കടലോര ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്ന പരിപാടിയുണ്ട്. ഇതിന് 7 കോടി രൂപ കേന്ദ്രപദ്ധതിയിൽ നമുക്ക് അനുവദിച്ചിട്ടുണ്ട്. ആ പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ദിവസം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആലപ്പുഴ (1.27 കോടി രൂപ), ബേക്കൽ (ഒരു കോടി രൂപ), കാപ്പാട് (1.5 കോടി രൂപ), കോവളം (60 ലക്ഷം രൂപ), വർക്കല (ഒരു കോടി രൂപ) തുടങ്ങിയ ബീച്ചുകളും വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് മൊത്തത്തിൽ 6.27 കോടി രൂപയോളമാണ് ചെലവ് വരുന്നത്. ഏഴ് കോടി രൂപ കൂടാതെ ബീച്ചുകളുടെ നവീകരണത്തിനായി ഈ തുകയും വിനിയോഗിച്ചിട്ടുണ്ട്.

(11) ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ 17-9-2005-ൽ ഉണ്ടായ സ്ഫോടനത്തെക്കുറിച്ച് മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ 17-9-2005-ന് പുലർച്ചെ അഞ്ചര മണിക്ക് മത്സ്യബന്ധന ബോട്ടിൽ അതിഭീകരമായിട്ടുള്ള ഒരു സ്ഫോടനം ഉണ്ടായി. ജോലിക്ക് ആളുകൾ ആ ബോട്ടിൽ ഉണ്ടായിരുന്നെങ്കിൽ 35 ആളുകളുടെ ജീവൻ അപഹരിക്കപ്പെടുമായിരുന്നു. മാറാട് കേസുമായി ബന്ധമുള്ള കുറേ ആളുകളും അതുമായി ബന്ധപ്പെട്ട ഒരേ സമുദായക്കാരായിട്ടുള്ള 35 പേരാണ് അതിൽ പോകേണ്ടിയിരുന്നത്. കടലിൽ എത്തിയാണ് ആ സ്ഫോടനം ഉണ്ടായതെങ്കിൽ, നമുക്ക് കണക്കാക്കാൻ പറ്റാത്ത ഒരു അവസ്ഥ നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുമായിരുന്നു. ഏതായാലും അങ്ങനെ വന്നില്ല. അതുകഴിഞ്ഞ് പോലീസ് ഇത് പരിശോധിക്കാൻ പുറപ്പെട്ടു. ഇതിനെ സംബന്ധിച്ച് ചില സൂചനകൾ കിട്ടിയിട്ടുണ്ട്, അടിയന്തിരമായി പ്രതികളെ കസ്റ്റഡിയിലെടുക്കുമെന്ന് പോലീസ് മേധാവി കോഴിക്കോട് വന്നപ്പോൾ പത്രക്കാരോടൊക്കെ പറഞ്ഞു. അത് ഉടനെ നടക്കുമെന്ന് അറിയിച്ചെങ്കിലും നടന്നില്ല. ഡിവൈ.എസ്.പി.-യുടെ കൺട്രോളിൽ ക്രൈം ബ്രാഞ്ച് ഒരു ടീമിനെ നിയോഗിച്ചു. വളരെ കാര്യങ്ങളൊന്നും പുറത്തു വരാതിരുന്നപ്പോൾ മുഖ്യമന്ത്രിയുമായി ഞാൻ തന്നെ രണ്ട് തവണ സംസാരിച്ചു. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് വളരെ സയന്റിഫിക്കായി അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്,

GPM. 2/154/2013—26

LIBRARY ARCHIVES Kerala Legislative Assembly

പ്രതികളെ ഉടനെ തന്നെ അറസ്റ്റു ചെയ്യും, നടപടി സ്വീകരിക്കുമെന്നാണ്. അങ്ങനെ പറഞ്ഞുവെങ്കിലും ഇതുവരെ ഒരു വിവരവും പുറത്തുവന്നില്ല. എന്നു മാത്രമല്ല, പിന്നീട് അന്വേഷണ ഉദ്യോഗസ്ഥരെ ആ സ്ഥലത്തുനിന്നും മാറ്റി. ഇപ്പോൾ ഒരു അന്വേഷണവും നടക്കുന്നില്ല. ഈ കേസുമായി ബന്ധപ്പെട്ടവർ ഗവൺമെന്റിന് വേണ്ടപ്പെട്ട ആളുകളാണ്. അതുകൊണ്ടാണോ ഒരു പക്ഷേ അന്വേഷണ റിപ്പോർട്ട് പുറത്തുവരാത്തത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വളരെ അടിയന്തിരമായി ഈ കേസ് അന്വേഷിച്ച് ഒന്നുകിൽ അതിന്റെ സത്യം പുറത്തു കൊണ്ടുവരണം. അല്ലെങ്കിൽ ഈ കേസ് ഒരു സ്പെഷ്യൽ ടീമിനെ ഏൽപ്പിച്ച് ഇതിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരാനും പ്രതികളെ കസ്റ്റഡിയിലെടുത്ത് ശിക്ഷണ നടപടി സ്വീകരിക്കാനും ആവശ്യമായിട്ടുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ബേപ്പൂർ ഫിഷിംഗ് ഹാർബറിനടുത്ത് 2005 സെപ്റ്റംബർ മാസം 17-ാം തീയതി വെളുപ്പിന് സ്ഫോടനമുണ്ടായി. സ്ഫോടനത്തിന്റെ ഫലമായി ഒരു ഫിഷിംഗ് ബോട്ട് പാടേ തകരുകയും അതിനടുത്തുണ്ടായിരുന്ന മറ്റൊരു ബോട്ടിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഈ കാര്യത്തിൽ ക്രൈം 2005/96-ാം നമ്പറായി ബേപ്പൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ഫോറൻസിക് വിദഗ്ധർ, വിരലടയാള വിദഗ്ധർ എന്നിവർ സ്ഥലം സന്ദർശിച്ച് വിവരം ശേഖരിക്കുകയും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തു. ചെറുവണ്ണൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലായിരുന്നു ആദ്യം കേസന്വേഷണം നടത്തിയത്. തുടർന്ന് വിശദമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തി. പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാല് ഡിവൈ.എസ്.പി.-മാർ, നാല് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ, ഒരു എ.എസ്.ഐ., 25 മറ്റു പോലീസ് ഉദ്യോഗസ്ഥൻമാർ എന്നിവരടങ്ങുന്ന വിപുലമായ ഒരു ടീമിനെ ഉപയോഗിച്ച് ക്രൈംബ്രാഞ്ച് കേസന്വേഷണം ആരംഭിച്ചു. നാളിതുവരെ 325 സാക്ഷികളെ ചോദ്യം ചെയ്ത് തെളിവെടുക്കുകയും മറ്റ് അന്വേഷണങ്ങൾ നടത്തുകയും ചെയ്തുവെങ്കിലും പ്രതികളെ സംബന്ധിച്ച് വ്യക്തമായ സൂചനകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്രയുംവേഗം പ്രതികളെ കണ്ടെത്താനുള്ള ഊർജ്ജിതമായ അന്വേഷണം ഗവൺമെന്റ് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇനി തുടർന്നും ആത്മാർത്ഥമായ പരിശ്രമം നടത്തി, ആവശ്യമായ നടപടികൾ സ്വീകരിച്ച്, അന്വേഷണം ഊർജ്ജിതമായിത്തന്നെ തുടരും.

(12) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. തമ്പാനൂർ രവി: സർ, കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്ക്കരണ കാലാവധി 28-2-2002-നാണ് അവസാനിച്ചത്. നാല് വർഷം കഴിഞ്ഞു, സമാന സ്ഥാപനമാണ് ഇലക്ട്രിസിറ്റി ബോർഡ്. അവിടെ 2003 ജൂലൈ 31-ന് കാലാവധി അവസാനിച്ചു, അവിടെ ചർച്ച ആരംഭിച്ചു,

LIBRARY ARCHIVES Kerala Legislative Assembly